'117663'/2023

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. പ്രിയങ്ക ജി IAS)

വിഷയം:- വനിത ശിശു വികസന വകുപ്പ്, ഡയറക്ടറേറ്റ് –സ്കീം ഫോർ അഡോളസെന്റ് ഗേൾസ് പദ്ധതി ( scheme code: KL-250) - 2023-24 - അനുപൂരക പോഷകാഹാരം വിതരണം – രണ്ടാം ക്വാർട്ടർ ഫണ്ട് അനുവദിച്ച് -ഉത്തരവാകുന്നു.

പരാമർശം:
1. 02-05-2023 ലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നം സർക്കുലർ.
2. 03-07-2023-ലെ വനിതശിശുവികസനഡയറക്ടറുടെ DWCD/2124/2023/ICDS A5 നം ഉത്തരവ്
3. 02-09-2023 തീയതിയിലെ വയനാട് പ്രോഗ്രാം ഓഫീസിലെ സീനിയർ സൂപ്രണ്ടിന്റെ DICDS/WYD/36/2023-C നം കത്ത്.
4. 04-09-2023 ലെ വയനാട് പ്രോഗ്രാം ഓഫീസറുടെ DICDS/WYD/36/2023-C നം കത്ത്

**ഉത്തരവ് നം. DWCD/2124/2023-ICDSA5 തീയതി: 26-09-2023**

സ്കീം ഫോർ അഡോളസെന്റ് ഗേൾസ് പദ്ധതി 2022-23 സാമ്പത്തിക വർഷം മുതൽ കേരളത്തിലെ ആസ്പിറേഷൻ ജില്ലയായ വയനാട് ജില്ലയിലെ 14-18 വയസ്സുവരെയുള്ള കൗമാരപ്രായക്കാരായ എല്ലാ പെൺകുട്ടികൾക്കുമായി പദ്ധതി പരിഷ്കരിച്ചിട്ടുണ്ട്. പരിഷ്കരിച്ച പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം രാജ്യത്തെ തെരഞ്ഞെടുക്കപ്പെട്ടുന്ന പ്രദേശങ്ങളിലെ 14-18 വയസ്സുവരെയുള്ള പെൺകുട്ടികളുടെ ആരോഗ്യ-പോഷണനിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ Nutrition component ഇനത്തിലും IFA supplementation,ആരോഗ്യ പരിശോധന, referral service, ആരോഗ്യ പോഷണ വിദ്യാഭ്യാസം , നൈപുണ്യവികസനം തുടങ്ങിയവ Non nutrition Component ഇനത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയിലെ nutritional component ലേയ്ക്കായി 50: 50 എന്ന അനുപാതത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ തുക വിനിയോഗിക്കുന്നതിന് കേന്ദ്രസർക്കാർ വ്യവസ്ഥ ചെയ്യുന്നുണ്ട്.

പരിഷ്കരിച്ച സ്കീം ഫോർ അഡോളസെന്റ് ഗേൾസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള സർക്കുലർ പരാമർശം (1) പ്രകാരം നൽകുകയുണ്ടായി. ആയത് പ്രകാരം പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ ആരോഗ്യ പോഷണ നിലവാരം ഉയർത്തുന്നതിലേയ്ക്കായി ഒരു ദിവസം 600 കലോറിയും, 18-20 ഗ്രാം പ്രോട്ടീനും മൈക്രോന്യൂട്രിയൻസും ഉൾപ്പെടുന്ന പോഷകാഹാരം നൽകുന്നതിലേയ്ക്കായി കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുള്ളതിനാൽ ഒരു ഗുണഭോക്താവിന് അനുവദനീയമായ ഗോതമ്പിന് പുറമേ **60 ഗ്രാം റാഗിയും, 10 ഗ്രാം ശർക്കരയും** ഒരു മാസം 25 ദിവസം എന്ന രീതിയിൽ വിതരണം ചെയ്യേണ്ടതാണ്.

പരാമർശം (2) പ്രകാരം 56,32,660 രൂപ ആദ്യ ക്വാർട്ടർ ചെലവുകൾക്കായി വയനാട് ജില്ലാ വനിത ശിശു വികസന ഓഫീസർക്ക് അനുവദിക്കുകയുണ്ടായി.ആയതിൽ 55,13,516 രൂപ ചെലവഴിച്ചതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം പരാമർശം (4) പ്രകാരം വയനാട് പ്രോഗ്രാം ഓഫീസർ സമർപ്പിച്ചിട്ടുണ്ട്.

പദ്ധതിയിൽ ഉൾപ്പെട്ട 14-18 വയസ്സുവരെയുള്ള പെൺകുട്ടികൾക്ക് രണ്ടാം ക്വാർട്ടറിൽ 60 ഗ്രാം റാഗി , 10 ഗ്രാം ശർക്കര വീതം വിതരണം ചെയ്യുന്ന വകയിൽ വയനാട് ജില്ലയിലെ 8 പ്രോജക്ടുകൾക്ക് ആവശ്യമായ തുകയുടെ വിശദാംശം സൂചന (3) പ്രകാരം വയനാട് പ്രോഗ്രാം ഓഫീസർ ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സ്കീം ഫോർ അഡോളസെന്റ് ഗേൾസ് പദ്ധതിയുടെ 2023-24 സാമ്പത്തിക വർഷത്തെ രണ്ടാം ക്വാർട്ടറിലേക്കുള്ള അനുപൂരക പോഷകാഹാര ഇനത്തിൽ റാഗി, ശർക്കര വിതരണം ചെയ്യുന്ന വകയിലുള്ള ചെലവുകൾക്കായി വയനാട് ജില്ലയിലെ പനമരം അഡീഷണൽ, മാനന്തവാടി ,മാനന്തവാടി അഡീഷണൽ എന്നീ 3 പ്രോജക്ടുകൾക്ക് ചുവടെ പറയുന്ന വിധം

തുക അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമനം | പ്രോജക്റ്റ് | അനുവദിക്കുന്ന തുക | | പ്രോജക്റ്റിന് ആകെ അനുവദിക്കുന്ന തുക |
|---|---|---|---|---|
| | | റാഗി | ശർക്കര | |
| 1 | പനമരം അഡീഷണൽ | 674034 | 110374 | 784408 |
| 2 | മാനന്തവാടി | 981255 | 112173 | 1093428 |
| 3 | മാനന്തവാടി അഡീഷണൽ | 972000 | 180000 | 1152000 |
| | ആകെ | 2627289 | 402547 | 3029836 |
| | Grand Total | **3029836** | | |

ഇതിലേയ്ക്കാവശ്യമായ തുക 30,29,836 രൂപ (മുപ്പത് ലക്ഷത്തി ഇരുപത്തിയൊമ്പതിനായിരത്തി എണ്ണൂറ്റി മുപ്പത്തിയാറ് രൂപ മാത്രം) പ്രസ്തുത പദ്ധതിയ്ക്കായി വനിതശിശുവികസന ഡയറക്ടറുടെ പേരിലുള്ള SNA അക്കൗണ്ടായ കേരള ഗ്രാമീൺ ബാങ്കിന്റെ 403 411 010 52967 (IFSC- KLGB0040341) യിൽ നിന്നും വയനാട് ജില്ലാ വനിത ശിശു വികസന ഓഫീസർക്ക് limit set ചെയ്ത് നൽകേണ്ടതും ജില്ലാ വനിത ശിശു വികസന ഓഫീസർ മുകളിൽ ചേർത്തിട്ടുള്ള പട്ടിക പ്രകാരം ശിശുവികസന പദ്ധതി ഓഫീസർക്ക് limit set ചെയ്ത് നൽകേണ്ടതും സിഡിപിഒ ക്ക് സ്കീം ഫോർ അഡോളസെന്റ് ഗേൾസ് ( scheme code: KL-250) ന്റെ [1.4] ന്യൂട്രിഷ്യൻ [KL] എന്ന കമ്പോണന്റിൽ നിന്നും ൽ നിന്നും പ്രസ്തുത ആവശ്യത്തിലേയ്ക്കുള്ള തുക പിൻവലിക്കാവുന്നതുമാണ്. ടി തുക സിഡിപിഒ, സൂപ്പർവൈസർമാർ ശുപാർശ ചെയ്യുന്ന പ്രകാരം അതാത് വിതരണ സ്ഥാപനങ്ങളെ PFMS ൽ vendour ആയി ചേർത്ത് തുക അനുവദിക്കേണ്ടതാണ്.

ഇപ്രകാരം അനുവദിച്ച തുക ഈ സാമ്പത്തിക വർഷം തന്നെ ചെലവഴിക്കേണ്ടതും ധനവിനിയോഗസാക്ഷ്യപത്രം പ്രോഗ്രാം ഓഫീസർ ക്രോഡീകരിച്ച് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

പകർപ്പ് :

1. സൂപ്രണ്ട് എ സെക്ഷൻ
2. സൂപ്രണ്ട് ബി സെക്ഷൻ
3. സ്റ്റോക്ക് ഫയൽ

'117663/2023

ligned by Priyanka G
Date: 26-09-2023 16:08:39